**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **30-07-2021 - ൽ മറുപടിയ്ക്ക്**

**മരം മുറി സംബന്ധിച്ച വനം വകുപ്പിന്റെ നിലപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാമെന്ന് വ്യക്തമാക്കി 11.03.2020-ന് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ അവ്യക്തതയുണ്ടെന്ന നിലപാട് വനം വകുപ്പ് സ്വീകരിച്ചിരുന്നോ; വ്യക്തമാക്കുമോ; | (എ) | സ്വീകരിച്ചിരുന്നു. 11.03.2020 തീയതിയിലെ റവന്യൂ വകുപ്പിന്റെ പരിപത്രം അവ്യക്തത ഉള്ളതാണെന്നും ബഹു. വനം, റവന്യൂ വകുപ്പ് മന്ത്രിതല സംയുക്ത യോഗനടപടിക്കുറിപ്പുകൾക്ക് അനുസൃതമല്ലായെന്നും, അത് നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ചൂണ്ടിക്കാണിച്ചിരുന്നു. |
| (ബി) | ഈ നിലപാട് വനം വകുപ്പ് കൺസർവേറ്റർ റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ? | (ബി) | 11.03.2020 തീയതിയിലെ റവന്യൂ വകുപ്പിന്റെ പരിപത്രം നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് പിസിസിഎഫ്(ഫോറസ്റ്റ്മാനേജ്മെന്റ്) അറിയിച്ചിട്ടുള്ള വിവരം റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ